പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ *222

12.03.2020 -ലെ മറുപടിയ്ക്ക്

## തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ.കെ.ബാബു.
ശ്രീ.എസ്.രാജേന്ദ്രൻ
ശ്രീ.സി.കെ.ശശീന്ദ്രൻ
ശ്രീ.ഡി.കെ.മുരളി :

എ) ആസിയാൻ കരാർ പ്രകാരം നിയന്ത്രണരഹിതമായി തോട്ടം ഉല്പന്നങ്ങൾ സംസ്ഥാനത്തേക്ക് ഇറക്കുമതി ചെയ്യാൻ കേന്ദ്ര സർക്കാർ വഴിയൊരുക്കിയതും കാലാവസ്ഥാ മാറ്റവും ആവർത്തിച്ചുണ്ടായ പ്രളയക്കെടുതികളും തോട്ടം മേഖലയിൽ വൻ ഉല്പാദന നഷ്ടം ഉണ്ടാക്കിയത് കാരണം തോട്ടം ഉടമകൾ, പ്രത്യേകിച്ച് ചെറുകിടക്കാർ നേരിടുന്ന പ്രശ്നം പരിഹരിക്കാൻ നടത്തുന്ന ഇടപെടൽ എന്തൊക്കെയെന്ന് വിശദമാക്കാമോ;

ഉത്തരം

ശ്രീ. ടി.പി.രാമകൃഷ്ണൻ
(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) തോട്ടം മേഖലയുടെ സമഗ്ര വികസനത്തിന് സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൻമേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം

1) കേരളത്തിൽ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള തോട്ടം നികുതി റദ്ദ് ചെയ്യുന്നതിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. 1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്ട് റദ്ദാക്കുന്നതിനു വേണ്ടി 2019-ലെ കേരള തോട്ടം ഭൂമി നികുതി ( റദ്ദാക്കൽ) ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2)കേരളത്തിൽ കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് (1991-ലെ 15) റദ്ദാക്കുവാൻ സർക്കാർ തീരുമാനിക്കുകയും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2019 -ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

3) തോട്ടങ്ങളിൽ എല്ലാ ലയങ്ങളെയും കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചിരുന്നു. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4) റീ പ്ലാന്റേഷനുവേണ്ടി റബ്ബർ മരം മുറിച്ചുമാറ്റുമ്പോൾ ഈടാക്കിവരുന്ന സീനിയറേജ് തുക പൂർണ്ണമായി ഒഴിവാക്കി കൊണ്ട് സർക്കാർ ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്.

5) സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിടപദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

6) തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

7) പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തോട്ടങ്ങളുടെ പാട്ടം പുതുക്കി നിശ്ചയിക്കുന്ന വിഷയം റവന്യൂ, നിയമ വകുപ്പുകളുടെ സജീവ പരിഗണനയിലാണ്.

9) കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് &മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രെജൈൽ) ആക്ടിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കികൊണ്ട് നടപടി സ്വീകരിച്ചു.

10)ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തന രഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങളുടെ ഭൂമി നിലവിലുള്ള ഭൂപരിഷ്കരണ നിയമ പ്രകാരം സർക്കാർ ഉടമസ്ഥതയിൽ ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാൻ തീരുമാനിച്ചു.

11) തൊഴിലാളികളുടെ വേതന പരിഷ്കരണം സംബന്ധിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ വിഭാഗം തോട്ടം തൊഴിലാളികളുടെയും പ്രതിദിന വേതനത്തിൽ 2019 ജനുവരി മാസം മുതൽ 52 രൂപയുടെ വർദ്ധനവ് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടുണ്ട്.

12) പ്ലാന്റേഷൻ മേഖലയുടെ പ്രശ്ന പരിഹാരത്തിന് പ്ലാന്റേഷൻ പോളിസി രൂപീകരിക്കാൻ തീരുമാനിച്ചു. തോട്ടം മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് പ്ലാന്റേഷൻ നയത്തിന് രൂപം നൽകിയിട്ടുണ്ട്. കരട് നയം കൂടുതൽ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചിട്ടുണ്ട്.

13) അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന നൽകി വരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു കൊണ്ട് തീരുമാനമെടുത്തിട്ടുണ്ട്.

14) തോട്ടം മേഖലയുടെ സമഗ്ര വികസനം ലക്ഷ്യം വച്ച് തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റിന് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) തൊഴിലാളി താല്പര്യം പരിരക്ഷിക്കുന്നതിനും വ്യവസായത്തിന്റെ നിലനില്പ് പരിഗണിച്ചും രൂപീകരിക്കാനുദ്ദേശിക്കുന്ന തോട്ടം നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) ഉണ്ട്. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം തോട്ടം മേഖലയുടെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് പ്ലാന്റേഷൻ നയത്തിന് രൂപം നൽകിയിട്ടുള്ളത്. പ്രസ്തുത കരട് നയത്തിന്റെ ലക്ഷ്യങ്ങളും കർമ്മ പദ്ധതികളും താഴെ പറയുന്നവയാണ്. |

1. തോട്ടങ്ങൾ തോട്ടങ്ങളായി നിലനിർത്തുകയും തൊഴിലും വ്യവസായവും സംരക്ഷിക്കുകയും ചെയ്യും.
2. തോട്ടം മേഖല ലാഭകരമാക്കാനും കൂടുതൽ തൊഴിൽ അവലസരങ്ങൾ സൃഷ്ടിക്കാനും ഭരണപരമായ നടപടി സ്വീകരിക്കും.
3. സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കും. തൊഴിലാളികളെ സംരക്ഷിക്കും.
4. ചികിത്സാ സൗകര്യങ്ങൾ
5. തോട്ടം തൊഴിലാളികൾക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെ സ്വന്തം വീട്.
6. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കും.
7. സർക്കാർ നിയന്ത്രണത്തിലുള്ള തോട്ടങ്ങൾ ലാഭകരമാക്കുന്നതിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പ് വരുത്തുന്നതിനും പ്രത്യേക കർമ്മ പദ്ധതി.
8. തോട്ടം തൊഴിലാളികളുടെ പരിശീലനത്തിനും നൈപുണ്യ വികസനത്തിനും പ്രത്യേക ഊന്നൽ.
9. പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തോട്ടങ്ങളിൽ വിവിധ സമാശ്വാസ പ്രവർത്തനങ്ങൾക്കും കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കും.
10. തോട്ടം മേഖലയിലെ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിൽ തോട്ടം മേഖലയെ ഉൾപ്പെടുത്തും.
11. തോട്ടം വിളകൾക്ക് ന്യായമായ വില കിട്ടാൻ സാധ്യമായ ഇടപെടൽ നടത്തും.
12. തോട്ടം മേഖല ഉൾപ്പെട്ട പരിസ്ഥിതി സംരക്ഷിക്കണം.
13. ജലസംരക്ഷണം.
14. സാമൂഹ്യ വനവൽക്കരണ പദ്ധതി
15. പുനർനിർമ്മിക്കാവുന്ന ഊർജ്ജം
16. ടൂറിസം
17. തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് സ്ഥാപിക്കും.
18. കോ- ഓർഡിനേഷൻ സമിതി
19. പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റ് ആധുനിക വൽക്കരിക്കും.

20. തോട്ടം തൊഴിലാളികളുടെ വേതനം കൃത്യമായ ഇടവേളകളിൽ പുതുക്കി നിശ്ചയിക്കും
21. പൊതുവായ വ്യവസായ സംരംഭങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും തോട്ടം മേഖലയ്ക്ക് കൂടി ലഭ്യമാക്കും.
22. കീടങ്ങളുടെ നിയന്ത്രണവും കീടനാശിനി പ്രയോഗവും
23. ഇൻഷുറൻസ് പരിരക്ഷ.

പ്രസ്തുത കരട് നയം കൂടുതൽ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചിട്ടുണ്ട്.

സി) ഈ മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ചെയ്തു വരുന്നതെന്ന് വിശദമാക്കുമോ?

(സി) തോട്ടം മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പ് കാര്യക്ഷമമായി ഇടപെടുന്നുണ്ട്. പൂട്ടികിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് ഉടമകൾ സമർപ്പിച്ച പ്രൊപ്പോസലുകളിന്മേൽ ചർച്ചകൾ നടന്നുവരുന്നു. പ്രവർത്തനം നിലച്ച തോട്ടങ്ങളിലെ തൊഴിലാളികളെ സഹായിക്കുന്നതിനായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ഇടുക്കി, വയനാട്, പാലക്കാട്, തിരുവനന്തപുരം, കൊല്ലം ജില്ലകളിലാണ് കമ്മിറ്റി പ്രവർത്തിക്കുന്നത്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖാന്തിരം തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായം, സ്കൂൾ കുട്ടികൾക്ക് യൂണിഫോമുകളും, പഠനോപകരണങ്ങളുടെ വിതരണം, മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം, പെൺമക്കൾക്ക് വിവാഹ ധനസഹായം, ചികിത്സാ ധനസഹായം എന്നിവയും നൽകുന്നുണ്ട്. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. ഭാഗികമായി അംഗവൈകല്യം സംഭവിച്ച തൊഴിലാളിയ്ക്ക് കുറഞ്ഞത് 50000/ രൂപയും പൂർണ്ണമായും അംഗവൈകല്യം സംഭവിച്ച തൊഴിലാളിക്ക് ഒരു ലക്ഷം രൂപയും തൊഴിലാളി മരണപ്പെട്ടാൽ ആശ്രിതർക്ക് നൽകിവരുന്ന ധനസഹായം 10000/- രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനു വേണ്ടി സർക്കാർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ